ശ്രീ. ഇട്ടൂര അയ്യക്കൻ: അതിൽ കൊച്ചി വിഭാഗത്തിലുള്ള സൂപ്രണ്ടന്മാർ എത്രയാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരം ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

കുടിപാർപ്പുകാർ

*൯ ൧൫. (൬) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവല്ലാ താലൂക്കിൽ എഴുമറ്റൂർ പകുതിയിൽപ്പെട്ട കൊറ്റനാടു്, പെരുമ്പട്ടി, എന്നീ കരകളിലുള്ള നാലായിരത്തോളം ഏക്കർ സ്ഥലത്തു രണ്ടായിരത്തോളം കുടിപാർപ്പുകാർ മറ്റു് അവകാശികളായി ദീർഘകാലമായി താമസിച്ചു വരുന്നതായി അറിയാമോ;

(ബി) ഈ നാലായിരം ഏക്കർ സ്ഥലം ആരുടെ എങ്കിലും പേരിൽ എപ്പോഴെങ്കിലും പതിച്ചു കൊടുത്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പു് മന്ത്രി (ശ്രീ. എ. ജെ, ജോൺ):

(എ) എഴുമറ്റൂർ പകുതിയിൽ ൧,൫൫൫ ഏക്കർ സ്ഥലത്തു കുറെ ആളുകൾ കയറി താമസിക്കുന്നതായി അറിയാം. അതുസംബന്ധിച്ചു് ൫൭ പുതുവൽ കേസുകൾ എടുത്തു വിചാരണയിൽ ഇരിക്കുകയാണു്.

(ബി) ആ സ്ഥലം പതിച്ചു കൊടുത്തിട്ടില്ല.

ശ്രീ. കെ. എ. മാത്യു: ആ സ്ഥലം ഗവൺമെണ്ടു് വകയാണോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി പൂർണ്ണവിവരം കിട്ടിയിട്ടില്ല. പൂർണ്ണവിവരങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനു് കലക്ടർക്കു് എഴുതിഅയച്ചിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Are Government aware that such questions and answers might prejudice the interest of private parties?

Mr. Speaker: That is a different matter which does not arise as a supplementary question.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ വസ്തുക്കൾ മറ്റു വസ്തുക്കളാണെന്നുള്ള നിലയിൽ ഒഴിപ്പിച്ചു കൊടുക്കുന്നതിനു് അവസാനവിധി ഉണ്ടായ വിവരം അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാൻ പാടില്ല. പൂർണ്ണമായ വിവരം കിട്ടിയിട്ടില്ലെന്നു ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ സ്ഥലങ്ങളിൽ പിന്നോക്കസമുദായത്തിൽപെട്ട ആളുകൾ താമസിക്കുന്നുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ആ വിവരവും അറിവില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പിന്നോക്കസമുദായത്തിൽപെട്ട ആളുകളെ അവിടെനിന്നും ഇറക്കിവിടുന്നതിനു് ശ്രമിക്കുന്നുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: പിന്നോക്ക സമുദായക്കാർ അവിടെ താമസിക്കുന്ന വിവരംതന്നെ അറിവില്ലാത്ത സ്ഥിതിക്കു് ഇതിനു മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: വെട്ടൊഴിവു് ആധാരപ്രകാരം ആ സ്ഥലങ്ങളിൽ ആർക്കെങ്കിലും വല്ല അവകാശവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതുസംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള. ഈ പുതുവൽ കേസുകൾ എടുത്തതു് ഗവണ്മെണ്ടാണോ?

ശ്രീ. എ. ജെ. ജോൺ: ഗവണ്മെണ്ടിനല്ലാതെ മറ്റാർക്കും അതിനുള്ള അധികാരമില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഗവണ്മെണ്ടു് സ്ഥലമാണെന്നു് അറിയാതെ എങ്ങനെയാണു് ഈ കേസുകൾ എടുത്തതു്?

ശ്രീ. എ. ജെ. ജോൺ: ഗവണ്മെണ്ടു് സ്ഥലമായതുകൊണ്ടാണു് കേസ്സെടുത്തിട്ടുള്ളതു്.

ശ്രീ. മന്നത്തു പത്മനാഭൻ: അവിടെ താമസിക്കുന്നവർ ഒറിയാധാരപ്രകാരമാണോ താമസിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: പൂണ്ണമായ വിവരങ്ങൾ കിട്ടുന്നതിലേക്കു് റിപ്പോർട്ടു് ആവശ്യപ്പെട്ടിരിക്കുകയാണെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ന്യൂനപക്ഷങ്ങൾക്കു് മേലുള്ള ഉദ്യോഗനിയമനം

*൯൫. (൨) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു് സർവ്വീസു് കമ്മീഷൻ കീഴിൽ ൧൯൫൦ ഉദ്ധൃതികയ്ക്കു് മീതെ എത്ര ഉദ്യോഗങ്ങൾ സംയോജനത്തിനുശേഷം നിയമിച്ചിട്ടുണ്ടു്;

(ബി) അതിൽ എത്ര ഉദ്യോഗങ്ങൾ ക്യാൻസൽ ചെയ്തിട്ടുണ്ടു്;

(സി) പബ്ലിക്കു് സർവ്വീസു് കമ്മീഷൻ വയ്ക്കുന്ന ഉദ്യോഗങ്ങളെ ക്യാൻസൽ ചെയ്യുന്ന അധികാരം ആർക്കാണു് ഉള്ളതു്;

(ഡി) അപ്രകാരം നിയമിച്ച ഉദ്യോഗങ്ങൾ വല്ലതും റദ്ദു ചെയ്തിട്ടുണ്ടോ;

(ഈ) ഉണ്ടെങ്കിൽ അതിനു് കാരണം എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം പബ്ലിക്കു സർവ്വീസു് കമ്മീഷന്റെ ഉപദേശത്തോടുകൂടെ നടത്തുന്ന ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ചോ അല്ലാത്തപക്ഷം കമ്മീഷന്റെ ആഫീസിലുള്ള നിയമനങ്ങളെ സംബന്ധിച്ചോ എന്നുള്ളതു വ്യക്തമല്ല. പബ്ലിക്കു സർവ്വീസു് കമ്മീഷന്റെ ആഫീസിലുള്ള നിയമനങ്ങളാണു് ഉദ്ദേശിക്കുന്നതെങ്കിൽ ചോദ്യത്തിനുള്ള മറുപടി ഇപ്രകാരമാണു്.

(എ) ൧൯൫൦—൫൧ ൦൦ ഒരു സെക്രട്ടറി

൨ ,, ൧൯൫൦—൫൨ ൭൫ രണ്ടു സൂപ്രണ്ടന്മാർ.

൩ ,, ൧൯൫൨—൧൯൫൩ മൂന്നു് ക്ലാർക്കന്മാർ. ഇങ്ങനെ ആറു ഉദ്യോഗങ്ങൾ ഉണ്ടു്.

(ബി) അതിൽ ഒന്നും ക്യാൻസൽ ചെയ്തിട്ടില്ല.

(സി) പബ്ലിക്കു് സർവ്വീസു് കമ്മീഷന്റെ ആഫീസിലുള്ള ഗസറ്റഡു് ഉദ്യോഗനിയമനം ഗവണ്മെണ്ടു് അനുമതിയോടുകൂടിയാണു് നടത്തുന്നതു്.

(ഡി) ഇല്ല.

(ഈ) ഉദിക്കുന്നില്ല.

ശ്രീ. പി. കെ. ഡിവർ: പബ്ലിക്കു സർവ്വീസു കമ്മീഷനിൽ അംഗമായിട്ടുള്ള ഒരാളെ ഗവണ്മെണ്ടു് സർവ്വീസിൽ എടുത്തുകൂടെന്നു് ഒരു നിയമമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly